## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3338      24.02.2016-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി-യിൽ 'സുരക്ഷിത സ്ത്രീ യാത്രാ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>" ഐ.സി.ബാലകൃഷ്ണൻ :<br>" കെ. ശിവദാസൻ നായർ :<br>" എ.റ്റി. ജോർജ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി-യിൽ 'സുരക്ഷിത സ്ത്രീ യാത്രാ' പദ്ധതി നടപ്പാക്കിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസ്സുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കായി വിശ്രമമുറിയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്ത്രീ യാത്രക്കാർ രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടു പോയാൽ സുരക്ഷിതരായി വിശ്രമിക്കാനായി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവേഷൻ സൗകര്യമില്ലാത്ത സർവ്വീസുകളിലും 25 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇത് മുതിർന്ന വനിതകൾക്കും കൈക്കുഞ്ഞുമായി കയറുന്ന അമ്മമാർക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് പുറമെയാണ്. റിസർവേഷൻ |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | | |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

| | | | |
|---|---|---|---|
| | | | സൗകര്യമുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ ഡ്രൈവറുടെ തൊട്ടുപുറകിലുള്ള 3 സീറ്റുകൾ സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. അതിനു പുറകിലുള്ള 9 സീറ്റുകൾ മുൻഗണ - നാക്രമത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുമുണ്ട്. ബസ് യാത്ര പുറപ്പെടു മ്പോൾ മുൻഗണനാക്രമത്തിലുള്ള സീറ്റുകളിൽ സ്ത്രീ യാത്രക്കാർ ഇല്ലായെങ്കിൽ പുരുഷന്മാർക്ക് ഉപയോഗിക്കാവുന്നതും, യാത്രക്കിടയിൽ സ്ത്രീ യാത്രക്കാർ കയറുമ്പോൾ അവർ ആവശ്യപ്പെട്ടാൽ പുരുഷ യാത്രക്കാർ സ്ത്രീകൾക്കായി ഒഴിഞ്ഞു കൊടുക്കേണ്ടതുമാണ്. കൂടാതെ സ്ത്രീ സുരക്ഷയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ രണ്ട് ബസ്സുകളിൽ (സിൽവർ ജറ്റ്) നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ